<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5606</u> <u>24-03-2025 - ൽ മറുപടിയ്ക്ക്</u>

<u>ഫീൽഡ് തല ഉദ്യോഗസ്ഥരുടെ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെക്ടർ ഡിസീസ് കൺട്രോൾ യൂണിറ്റുകൾക്ക് കീഴിൽ പ്രാണിജന്യ രോഗങ്ങൾ (വെക്ടർ ഡിസീസസ്) നിയന്ത്രിക്കുന്നതിന് ഫീൽഡ് തല ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പ്രാണീജന്യ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കായിട്ടാണ് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ സജ്ജീകരിച്ചിരിക്കുന്നത്. 14 ജില്ലകളിലും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ നിലവിലുണ്ട്. ഇവയിൽ ഫീൽഡ് വർക്കർ, ഫീൽഡ് അസിസ്റ്റന്റ് /ഇൻസെക്ട് കളക്ടർ, ഫൈലേറിയ ഇൻസ്പെക്ടർ/ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എന്റമോളജിസ്റ്റ് എന്നിങ്ങനെ വിവിധ തട്ടുകളിലായി ഫീൽഡ് വിഭാഗം ജീവനക്കാരെയും അവരുടെ സൂപ്പർവൈസർമാരേയും നിയമിച്ചിട്ടുണ്ട്. സീനിയർ ബയോളജിസ്റ്റ് ആണ് ജില്ലയിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ ഫീൽഡ് തല ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | "ഫീൽഡ് വർക്കർ" എൻടി കേഡർ തസ്തികയാണ്. പി.എസ്.സി. വഴിയാണ് ഇതിലേയ്ക്ക് നിയമനം നടത്തുന്നത്. ഫീൽഡ് വർക്കർമാരുടെ നിയമന യോഗ്യത GO (Ms)No.213/1973/Health Dated. 27.07.1973 പ്രകാരം താഴെപ്പറയുന്ന പ്രകാരമാണ്.<br><br>1) Must have studied up to VIII Standard or its equivalent.<br><br>2) Should have good physique and must be free from physical deformity and diseases of any description.<br><br>Note:- (1) Physical fitness shall be certified by a Medical Officer not below the rank of an Assistant Surgeon.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന പ്രായപരിധിയാണ് ഫീൽഡ് വർക്കർ തസ്തികയിലേക്ക് പരിഗണിക്കുന്നത്. ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്റ്റ് കളക്ടർ, എന്നീ തസ്തിക ഫീൽഡ് വർക്കർ തസ്തികയുടെ സ്ഥാനക്കയറ്റ |

| | | | |
|---|---|---|---|
| | | | തസ്തികയാണ്. യോഗ്യത GO(P)No.76/2017/H&FWD Dated.12/12/2017 പ്രകാരമുള്ളതാണ്. ടി തസ്തിക സ്ഥാനക്കയറ്റ തസ്തിക ആയതിനാൽ ഉയർന്ന പ്രായപരിധി വിരമിക്കൽ തീയതിയായി കണക്കാക്കാവുന്നതാണ്. ഫൈലേറിയ ഇൻസ്പെകർ/ഹെൽത്ത് ഇൻസ്പെക്ടർ എന്ന തസ്തിക ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ്. GO(P)No.76/2017/H&FWD Dated. 12/12/2017 പ്രകാരമുള്ള യോഗ്യതയാണ് ഈ തസ്തികൾക്ക് വേണ്ടത്. ടി തസ്തിക സ്ഥാനക്കയറ്റ തസ്തിക ആയതിനാൽ ഉയർന്ന പ്രായപരിധി വിരമിക്കൽ തീയതിയായി കണക്കാക്കാവുന്നതാണ്. |
| (സി) | ഓരോ ജില്ലയിലും ഫീൽഡ് തല ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പിന് വ്യത്യസ്ത മാനദണ്ഡങ്ങൾ ആണോ പാലിക്കുന്നതെന്നു വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ; മലപ്പുറം ജില്ലയിലെയും മറ്റ് ജില്ലകളിലെയും നിയമനരീതി എങ്ങനെയാണെന്ന് അറിയിക്കുമോ; | (സി) | പി.എസ്.സി. നിയമനം എല്ലാ ജില്ലയിലും ഒരേ മാനദണ്ഡങ്ങൾ പാലിച്ചാണ്.<br><br>ആരോഗ്യവകുപ്പിൽ മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള ഫീൽഡ് വിഭാഗം കണ്ടിജന്റ് വർക്കർമാരെ ജില്ലകളിലെ ആവശ്യാനുസരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, പത്രപരസ്യം നൽകിയോ താൽക്കാലികമായി നിയമിച്ചുവരുന്നു. ഫീൽഡ് വർക്കർ വിഭാഗത്തിന് താൽക്കാലിക നിയമനത്തിനായി എട്ടാം ക്ലാസ് പാസ്സായിരിക്കണം, നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം എന്നിങ്ങനെയുള്ള അടിസ്ഥാന യോഗ്യതകൾ ആണ് പരിഗണിക്കുന്നത്.<br><br>എൻ.എച്ച്.എം.-ലെ ഫീൽഡ്-തല ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പിന് വ്യത്യസ്തമായ മാനദണ്ഡങ്ങൾ ഇല്ല. എൻ.എച്ച്.എം. മുഖേനയുള്ള താത്കാലിക തസ്തികകളിലേക്കുള്ള ഒഴിവുകളിലേക്കുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നു. ഒഴിവുകളുടെ വിജ്ഞാപനം ലോക്കൽ പത്രങ്ങളിലും, വെബ് സൈറ്റിലും പ്രസിദ്ധീകരിച്ച് ഓൺലൈൻ മുഖാന്തിരം ആണ് അപേക്ഷ ക്ഷണിക്കുന്നത്. അതിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യതയുള്ളവരുടെ എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി തെരഞ്ഞെടുക്കുകയും രണ്ടു വർഷത്തേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുകയും ചെയ്യുന്നു. താത്കാലിക നിയമനങ്ങൾ ഒരു വർഷത്തേക്കാണ് (31 മാർച്ച് വരെ) നടത്തുന്നത്. എല്ലാ വർഷവും, മാർച്ച് മാസത്തിൽ, ജീവനക്കാരുടെ പ്രകടനം വിലയിരുത്തൽ നടത്തി, മാനദണ്ഡമനുസരിച്ച് യോഗ്യത നേടുന്നവർക്ക് പുതിയ കരാർ നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. ജീവനക്കാരുടെ പെർഫോർമൻസ് അവലോകനം ചെയ്ത് അതതു ജോലിയുമായി ബന്ധപ്പെട്ട സ്കോർ ഷീറ്റിന്റെ അടിസ്ഥാനത്തിലും, 80%വും അതിൽ കൂടുതൽ ഹാജർനില ഉള്ളവർക്കുമാണ് കരാർ പുതുക്കി നൽകുന്നത്. 2006 ൽ NHM തുടങ്ങിയത് മുതൽ ഇത്തരത്തിലാണ് താത്കാലിക നിയമനങ്ങൾ നടത്തി വരുന്നത്. |
| (ഡി) | മറ്റ് ജില്ലകളിലെ പോലെ പ്രായപരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി ഷൈനി മോൾ മുതൽ പേർ സമർപ്പിച്ച അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | മറ്റ് ജില്ലകളിലെ പോലെ പ്രായപരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി.ഷൈനി മോൾ മുതൽ പേർ സമർപ്പിച്ച അപേക്ഷയിൽ മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന് കീഴിൽ താല്ക്കാലികമായി ഫീൽഡ് വർക്കർമാരെ നിയമിക്കുന്നതിനുള്ള പ്രായപരിധി 18 മുതൽ 50 വയസ്സുവരെ ആക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന് കീഴിൽ എൻ.എച്ച്.എം മുഖേനയാണ് താല്ക്കാലികമായി ഫീൽഡ് വർക്കർമാരെ നിയമിക്കുന്നതും, അവർക്ക് വേതനം നൽകുന്നതും. എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 06/02/2017 തീയതിയിലെ NHM/318/Admin3/2017/SPMSU നമ്പർ കത്ത് പ്രകാരം ഡോക്ടർമാർ, പ്രോഗ്രാം ഓഫീസർമാർ ഒഴികെയുള്ള എല്ലാ തസ്തികയിലേക്കും ജോലിയിൽ പ്രവേശിക്കുന്നതിനുള്ള പ്രായപരിധി 40 വയസ്സിന് താഴെയായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം 17/11/2024-ലെ DMOH-MLPM/10337/2024-B1 നമ്പർ കത്ത് പ്രകാരം അപേക്ഷകയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ